LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല താലൂക്കിലെ പട്ടയ വിതരണം

146 (5230) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിൽ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ ഇരട്ടയാർ ഡാമിന്റെ പരിസരപ്രദേശങ്ങളിൽ അധിവസിക്കുന്ന കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ ക്യാച്ച്മെന്റ് ഏരിയായ്ക്ക് ജണ്ടയിട്ട് തിരിച്ചിരിക്കുന്ന പ്രദേശം (പത്ത് ചെയിനായി മൻപ് നിശ്ചയിച്ചിരുന്ന പ്രദേശം) ഒഴിച്ചുള്ള ഭാഗം പട്ടയ നടപടികൾക്ക് പരിഗണിച്ചിട്ടുണ്ടോ ;

(സി) ഈ പ്രദേശത്തുനിന്നും പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) ഇരട്ടയാർ മേഖലയിലെ 10 ചെയിൻ പ്രദേശം വൈദ്യുതി ബോർഡിന് ആവശ്യമില്ലായെന്ന് വൈദ്യുതി ബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലെ പുതിയ നിബന്ധനകൾ

147 (5231) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് പുതിയ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിൽ റോഡ് പ്രവൃത്തികൾ നടത്താൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിബന്ധനകൾ സ.ഉ.(എം.എസ്.) 194/2015/ ഡി.എം.ഡി. തീയതി പ്രകാരമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് റോഡ് നിർമ്മാണത്തിന് സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഓർഡിനറി റിപ്പയർ, പീരിയോഡിക്കൽ റിപ്പയർ നിരക്കുകളുടെ അഭാവത്തിൽ സ്റ്റേറ്റ് ഹൈവേ/ പ്രധാന ജില്ലാ റോഡുകൾക്ക് കി.മി. ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിലും ഗ്രാമീണ റോഡുകൾക്ക് കി.മി. ഒന്നിന് 60,000 രൂപ നിരക്കിലും അനുവദിക്കുന്നു.